**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 470** **23-06-2026-ൽ മറുപടിയ്ക്ക്**

**പുളിക്കൽ 110 കെ. വി. സബ്സ്റ്റേഷൻ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. ടി. പി. അഷ്റഫലി

ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ
വകുപ്പ് മന്ത്രി)

**(എ)** കൊണ്ടോട്ടി മണ്ഡലത്തിലെ പുളിക്കൽ ആസ്ഥാനമാക്കി 110 കെ.വി.സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

**മറുപടി:** കൊണ്ടോട്ടി മണ്ഡലത്തിലെ പുളിക്കൽ കേന്ദ്രമാക്കി 110 കെ. വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള സ്ഥലം കണ്ടെത്തുന്നതിനായി 2010-11 മുതൽ അന്വേഷണങ്ങൾ ആരംഭിക്കുകയും 2013-ൽ നിർമാണത്തിന് കെ.എസ്.ഇ.ബിഎൽ ഭരണാനുമതി നൽകുകയും ചെയ്തു. ടി സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിന് ഒരു സ്ഥലം കണ്ടെത്തിയെങ്കിലും സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പുരോഗമിക്കവേ 2018-ലെ പ്രളയത്തിൽ ഉണ്ടായ നാശനഷ്ടത്തെ തുടർന്ന് ഈ സ്ഥലം അനുയോജ്യമല്ലെന്ന് കണ്ടെത്തി.

തുടർന്ന് പുതിയതായി സാങ്കേതിക സാധ്യത പഠനം നടത്തുകയും, പുളിക്കൽ പഞ്ചായത്തിലെ ചെവിട്ടാണിക്കുന്ന് പ്രദേശത്ത് സ്ഥലം കണ്ടെത്തി, അതിനനുസൃതമായി DPR, എസ്റ്റിമേറ്റ് എന്നിവയുടെ അടിസ്ഥാനത്തിൽ ഭരണ-സാങ്കേതിക അനുമതികൾ കെ.എസ്.ഇ.ബിഎൽ നൽകുകയും ചെയ്തു. പ്രസ്തുത സ്ഥലമെടുപ്പും ലൈൻ സർവേയും ഉടമകളുടെ എതിർപ്പ് മൂലം ഉപേക്ഷിക്കേണ്ടിവന്നു.

തുടർന്ന്, പുളിക്കൽ ചെവിട്ടാണിക്കുന്ന് പ്രദേശത്ത് ലൈൻ കടന്നു പോകുന്ന മറ്റൊരു സ്ഥലം സബ്സ്റ്റേഷൻ നിർമ്മിക്കാനായി കണ്ടെത്തി. RFCTLARR ആക്ട് 2013 പ്രകാരം, ഭൂമി ഏറ്റെടുക്കാനുള്ള നടപടികൾ ആരംഭിച്ചു. എന്നാൽ ഈ സ്ഥലത്തിന്റെ ലാൻഡ് ഡവലപ്പ്മെന്റ് കോസ്റ്റ് വളരെ ചെലവേറിയതാണെന്ന് കണ്ടെത്തി. നാല് പേരുടെ കൈവശമുള്ള പ്രസ്തുത സ്ഥലത്തിൽ രണ്ടു സ്ഥലമുടമകൾ അനുയോജ്യമായ വിലയ്ക്ക് സബ്സ്റ്റേഷൻ നിർമാണത്തിന് സ്ഥലം വിട്ടുനൽകുവാൻ വിസമ്മതിച്ചതിനെ തുടർന്ന് ഈ സ്ഥലം അനുയോജ്യമല്ലെന്ന് കണ്ടെത്തുകയുണ്ടായി. സബ്സ്റ്റേഷൻ നിർമാണത്തിന് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**(ബി)** വൈദ്യുതി പ്രതിസന്ധി രൂക്ഷമായ കൊണ്ടോട്ടി മണ്ഡലത്തിൽ പുളിക്കൽ ആസ്ഥാനമാക്കി 110 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

**മറുപടി:** സബ്സ്റ്റേഷന് അനുയോജ്യമായ സ്ഥലം കണ്ടെത്താനുള്ള നടപടികൾ നടന്നുവരുന്നു. ആയത് ലഭ്യമാകുന്ന മുറയ്ക്ക് സബ്സ്റ്റേഷന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുവാൻ സാധിക്കും.

**സെക്ഷൻ ഓഫീസർ**